**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 130</u>** **<u>08-02-2023 - ൽ മറുപടിയ്ക്ക്</u>**

**<u>പക്ഷിപ്പനി പ്രതിരോധിക്കാൻ മുൻകരുതൽ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ചില പ്രദേശങ്ങളിൽ പക്ഷിപ്പനി ഉണ്ടായിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മേഖലകളിൽ നടത്തിയ രോഗപ്രതിരോധ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ; | (എ) | ഉണ്ട്. പക്ഷിപ്പനി പടരുന്നത് നിയന്ത്രിക്കുന്നതിനായി കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി രോഗത്തിന്റെ പ്രഭവ കേന്ദ്രത്തിന് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള എല്ലാ പക്ഷിവർഗ്ഗത്തെയും ശാസ്ത്രീയമായി കൊന്നൊടുക്കി മറവുചെയ്യുന്നുണ്ട്. അതോടൊപ്പം രോഗബാധിത പ്രദേശത്തെ പക്ഷികളുടെ മുട്ടകൾ, തീറ്റ എന്നിവയും ശാസ്ത്രീയമായി നശിപ്പിക്കുന്നു. തുടർന്നുള്ള സാനിറ്റൈസേഷൻ പ്രവർത്തനങ്ങൾ കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം ചെയ്തു വരുന്നു. |
| (ബി) | പക്ഷിപ്പനി നിയന്ത്രണ വിധേയമാക്കുന്നതിനും കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിക്കുന്നത് തടയുന്നതിനും സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ വിശദമാക്കുമോ; | (ബി) | ഉണ്ട്. പക്ഷിപ്പനി പടരുന്നത് നിയന്ത്രിക്കുന്നതിനായി കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി രോഗത്തിന്റെ പ്രഭവ കേന്ദ്രത്തിന് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള എല്ലാ പക്ഷിവർഗ്ഗത്തെയും ശാസ്ത്രീയമായി കൊന്നൊടുക്കി മറവുചെയ്യുന്നുണ്ട്. അതോടൊപ്പം രോഗബാധിത പ്രദേശത്തെ പക്ഷികളുടെ മുട്ടകൾ, തീറ്റ എന്നിവയും ശാസ്ത്രീയമായി നശിപ്പിക്കുന്നു. തുടർന്നുള്ള സാനിറ്റൈസേഷൻ പ്രവർത്തനങ്ങൾ കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം ചെയ്തു വരുന്നു. |
| (സി) | പക്ഷിപ്പനി ബാധയിൽ കർഷകർക്കുണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിനും വളർത്തുപക്ഷികൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (സി) | പക്ഷിപ്പനി പ്രതിരോധിക്കുന്നതിനുള്ള പ്രതിരോധ കുത്തിവയ്പുകൾ നിലവിൽ ലഭ്യമല്ല. ആയതിനാൽ മൃഗസംരക്ഷണ വകുപ്പ് കൃത്യമായി രോഗനിരീക്ഷണം നടത്തിവരുന്നു. രോഗം മൂലം ചത്ത പക്ഷികളുടെ കർഷകർക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്.<br><br>രണ്ടുമാസത്തിന് താഴെയുള്ള താറാവ്, കോഴി എന്നിവയ്ക്ക് 100 രൂപ. |

| | | | |
|---|---|---|---|
| | | | രണ്ടുമാസത്തിനു മുകളിൽ താറാവ്,കോഴി എന്നിവയ്ക്ക് 200 രൂപ.<br><br>ഒരു മുട്ടയ്ക്ക് 5 രൂപ<br><br>2022 വരെയുള്ള നഷ്ടപരിഹാരം നൽകി കഴിഞ്ഞു |
| (ഡി) | പക്ഷിപ്പനി മനുഷ്യരിലേക്ക് പടരാനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പ്രതിരോധിക്കുന്നതിന് വേണ്ട മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | പക്ഷികളിൽ നിന്നും പക്ഷികളിലേയ്ക്ക് ബാധിക്കുന്ന ഒരു സാംക്രമിക രോഗമാണ് പക്ഷിപ്പനി. ദേശാടന പക്ഷികൾ രോഗ വാഹകരാകുന്നു. രോഗാണു ബാധയുള്ള പക്ഷികളുടെ സ്രവങ്ങളിൽ കൂടി വൈറസ് പുറത്തു വരുന്നു. എന്നാൽ ചില ഘട്ടങ്ങളിൽ മനുഷ്യരിലേയ്ക്ക് പകരാൻ കഴിയും വിധം വൈറസിന് രൂപഭേദം സംഭവിക്കാം. ഇവ വായുവിലൂടെയും, മലിനമാക്കപ്പെട്ട തീറ്റയിലൂടെയും, തുണി, പക്ഷിക്കൂട്, രോഗാണു ബാധയുള്ള പക്ഷികളുടെ ഇറച്ചി, മുട്ട, ഇവ കൊണ്ടുപോകുന്ന വാഹനങ്ങൾ ഇവയിലൂടെയൊക്കെ അണുബാധയുണ്ടാകാം. ഇവയുമായുള്ള സമ്പർക്കവും, വൈറസ് ഉൾക്കൊള്ളുന്ന സൂക്ഷ്മ കണികകൾ ശ്വസിക്കുന്നതിലൂടെയും രോഗാണു മനുഷ്യ ശരീരത്തിൽ പ്രവേശിക്കുന്നു. രോഗബാധയേറ്റ പക്ഷികളുമായി അടുത്ത സമ്പർക്കം പുലർത്തുന്നവർ, പരിപാലിക്കുന്നവർ, വളർത്തു പക്ഷിയുമായി ഇടപഴകുന്ന കുട്ടികൾ, വീട്ടമ്മമാർ, കശാപ്പുകാർ, വെറ്ററിനറി ഡോക്ടർമാർ, മറ്റ് ബന്ധപ്പെട്ട ജീവനക്കാർ എന്നിവർ രോഗബാധ ഏൽക്കാതിരിക്കാനുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കാനായി ബോധവൽക്കരണം നൽകിവരുന്നുണ്ട്. രോഗം വ്യാപിക്കാതിരിക്കാനും മനുഷ്യരിലേയ്ക്ക് പകരാതിരിക്കാനും പക്ഷികളിൽ രോഗം റിപ്പോർട്ട് ചെയ്ത സ്ഥലത്തിന്റെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശത്തെ മുഴുവൻ പക്ഷികളെയും ശാസ്ത്രീയമായി കൊന്ന് സംസ്കരിക്കുന്നു. ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ച് മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാർ ആണ് ഇത് ചെയ്യുന്നത്. ഇവർക്ക് ഒസൾട്ടാമിവിർ മരുന്ന് പ്രതിരോധത്തിന്റെ ഭാഗമായി നൽകി വരുന്നു. Culling-നു ശേഷം തുടർന്നുള്ള 10 ദിവസത്തേയ്ക്ക് Institutional Quarantine ഉറപ്പാക്കിയിട്ടുണ്ട്. രോഗ നിയന്ത്രണത്തിന്റെ ഭാഗമായി പക്ഷികളെ കൊന്നൊടുക്കിയ 1 KM ചുറ്റളവിലും അതിന് പുറത്തുള്ള 9 KM ചുറ്റളവിലും മനുഷ്യരിലേയ്ക്ക് രോഗം വ്യാപിക്കുന്നുണ്ടോ എന്നറിയാനുള്ള രോഗ നിരീക്ഷണ പ്രവർത്തനങ്ങൾ ഫീൽഡ് തലത്തിലും, ആരോഗ്യ കേന്ദ്രങ്ങളിലും സ്വകാര്യ ആശുപത്രികൾ കേന്ദ്രീകരിച്ചും ചെയ്യുന്നുണ്ട്. |

ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർക്കും, ആശാ വോളണ്ടിയർമാർക്കും, ആവശ്യമായ പരിശീലനം നൽകിയശേഷം വീട്ടുകൾ സന്ദർശിച്ച് പനിയുള്ളവരെ കണ്ടെത്തുകയും അവരിൽ ശ്വാസകോശ രോഗലക്ഷണങ്ങളോട്ടു കൂടിയ പനിയുള്ളവരെയും രോഗം ബാധിച്ച പക്ഷികളുമായി ഇടപഴകിയവരെയും ഡോക്ടർമാരുടെ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ഡോക്ടറുടെ നിർദ്ദേശ പ്രകാരം ഒസൾട്ടാമിവിർ ഗുളിക നൽകുന്നുണ്ട്. പക്ഷിപ്പനി സ്ഥിരീകരിച്ച പ്രദേശത്തിന്റെ 10 KM ചുറ്റളവിൽ 10 ദിവസത്തോളം പനി ഉള്ളവരെ പ്രത്യേകം നിരീക്ഷിക്കുന്നുണ്ട്. സംശയാസ്പദമായ രോഗലക്ഷണങ്ങൾ ഉള്ളവരുടെ സാമ്പിൾ ലാബ് പരിശോധനയ്ക്ക് അയച്ച് മനുഷ്യരിലേയ്ക്ക് രോഗം പകരുന്നില്ല എന്ന് ഉറപ്പാക്കുന്നുണ്ട്.

ഏതെങ്കിലും സാഹചര്യത്തിൽ മനുഷ്യരിലേയ്ക്ക് രോഗം പകർന്നാൽ നേരിടുവാനായി ഐസൊലേഷൻ സെന്റർ എല്ലാ ജില്ലയിലും സജ്ജീകരിച്ചിട്ടുണ്ട്. പക്ഷിപ്പനി സ്ഥിരീകരിച്ച പ്രദേശത്ത് നിന്നുവരുന്ന സംശയാസ്പദമായ പനി കേസുകൾ താമസം കൂടാതെ ഐസൊലേഷൻ ഫെസിലിറ്റിയിൽ അഡ്മിറ്റ് ചെയ്യുവാനുള്ള തുടർ നടപടികൾ ആശുപത്രി സൂപ്രണ്ട് കൈക്കൊള്ളുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പക്ഷിപ്പനിയുമായി ബന്ധപ്പെട്ട ക്രിട്ടിക്കൽ കേസുകൾ ചികിത്സിക്കാനായി മെഡിക്കൽ കോളേജ് ആശുപത്രികൾ ആണ് തെരഞ്ഞെടുക്കാനായി നിർദ്ദേശിച്ചിട്ടുള്ളത്.

ബഫർ സോണിൽ (3 KM നും 10 KM നും ഇടയ്ക്കുള്ള സ്ഥലം) ഉൾപ്പെട്ട പ്രദേശങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും സർവ്വയലൻസ് ശക്തിപ്പെടത്താനുമായുള്ള പൂർണ്ണമായ ചുമതല അതാത് ആരോഗ്യ സ്ഥാപനങ്ങളിലെ മെഡിക്കൽ ഓഫീസർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവർക്കായി നൽകിയിട്ടുണ്ട്. ഐസൊലേഷൻ ഫെസിലിറ്റികൾക്ക് ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എല്ലാ ആരോഗ്യ സ്ഥാപനങ്ങളുടെയും PPE, OSELTAMIVIR എന്നിവയുടെ സ്റ്റോക്ക് പരിശോധിക്കുകയും ആവശ്യമായവ സ്റ്റോക്ക് ചെയ്തിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്.

പക്ഷികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കോ, Culling പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർക്കോ, കർഷകർക്കോ

| | | | |
|---|---|---|---|
| | | | സംശയാസ്പദമായ പനിയുള്ള സാഹചര്യത്തിൽ ഇത്തരം ആൾക്കാരെ ഹോസ്പിറ്റലിലേയ്ക്ക് ഷിഫ്റ്റ് ചെയ്യാനായി പ്രത്യേക ആംബുലൻസ് സംവിധാനം സജ്ജമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് റെഡ് സോണിൽ (1 KM) വരുന്ന ഫിവർ കേസുകൾ നേരിട്ട് ജനറൽ ഒ.പി.യിൽ വരുന്നതിന് പകരം ആരോഗ്യ വകപ്പ് ജീവനക്കാരെ മുൻകൂട്ടി അറിയിച്ച് പ്രത്യേക ഒ.പി. സൗകര്യം പ്രയോജനപ്പെടുത്തുവാൻ ബോധവൽക്കരണം നടത്തുന്നുണ്ട്. രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മാസ്ക് ഉപയോഗം, കൈകൾ സോപ്പ് ഉപയോഗിച്ച് കഴുകൽ, സാനിട്ടൈസർ ഉപയോഗം എന്നിവ തുടരുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ